പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5216 | 26.03.2018 ൽ മറുപടിക്ക്

## തീരദേശ റെയിൽ പാതയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ<br>,, എ.എം. ആരിഫ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ.ജെ. മാക്സി | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തീരദേശ റെയിൽവികസനത്തിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;<br>(ബി) പാത ഇരട്ടിപ്പിക്കലിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വെളിപ്പെടുത്തുമോ;<br>(സി) എറണാകുളം മുതൽ ചേർത്തല വരെയും കായംകുളം മുതൽ അമ്പലപ്പുഴവരെയും ഇപ്പോൾ ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത്; | (എ) യും (ബി) യും (സി) യും സംസ്ഥാനത്തെ തീരദേശ റെയിൽ പാതയുടെ വികസനത്തിൽ സർക്കാർ പ്രത്യേകം ശ്രദ്ധ ചെലുത്തി വരുന്നു. പ്രസ്തുത പാതവഴി ഗതാഗതം സുഗമമാക്കുന്നതിലേക്കായി എറണാകുളം - ആലപ്പുഴ ലൈനിലെ കായംകുളം മുതൽ ഹരിപ്പാട് വരെയുള്ള 13.04 കി.മീ ദൂരത്തെ പാതയിരട്ടിപ്പിക്കൽ പൂർത്തിയായിട്ടുണ്ട്. 18.13 കി.മീ ദൈർഘ്യമുള്ള ഹരിപ്പാട് - അമ്പലപ്പുഴ ഭാഗത്ത് ഏറ്റെടുക്കാനുണ്ടായിരുന്ന ഭൂമിയിൽ അവശേഷിച്ചിരുന്ന 0.40 ഹെക്ടർ സ്ഥലം റെയിൽവേക്ക് കൈമാറുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എറണാകുളം - കുമ്പളം, കുമ്പളം - തുറവൂർ, തുറവൂർ - അമ്പലപ്പുഴ എന്നീ ഭാഗങ്ങളിലെ പാതയിരട്ടിപ്പിക്കലിന് ആവശ്യമായ തുകയുടെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്ര നിലപാട്. എന്നാൽ പ്രസ്തുത നിലപാട് പുനപരിശോധിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രം അനുകൂല നിലപാട് കൈക്കൊണ്ടിട്ടില്ല. |
| (ഡി) തീരദേശ റെയിൽ പാത രണ്ടുവരിയാക്കി ഗതാഗതം സുഗമമാക്കുന്നതിന് പ്രത്യേക ധനസഹായത്തിനായി കേന്ദ്രത്തെ സമീപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ.